## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ - മലയാളം വിഭാഗം - പൊതുസ്ഥലംമാറ്റം 2019 - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ എ 2/6525/2019/കോ.വി.വ. തീയതി: 19/06/2019

---

പരാമർശം: 1. ഈ ഓഫീസിലെ 14/06/2019 തീയതിയിലെ എ 2/6525/19/കോ.വി.വ. ഉത്തരവ്.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. (ഇ.കെ.എം) നം. 966/2019 -ലെ 18/06/2019 -ലെ ഉത്തരവ്.

### ഉത്തരവ്

സർക്കാർ കോളേജുകളിലെ മലയാളം വിഭാഗം അദ്ധ്യാപകരുടെ 2019-ലെ പൊതുസ്ഥലമാറ്റ ഉത്തരവ് സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം എറണാകുളം മഹാരാജാസ് കോളേജിലെ ശ്രീമതി. ശ്രീകല എ.പി -യെ മടപ്പള്ളി സർക്കാർ കോളേജിലേക്ക് നിർബന്ധിത സ്ഥലംമാറ്റം നൽകിയിരുന്നു. ഈ ഉത്തരവിനെതിരെ ശ്രീമതി. ശ്രീകല എ.പി. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ. (ഇ.കെ.എം) നം. 966/19 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഒ.എ. -യിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18/06/2019 തീയതിയിലെ ഉത്തരവ് പ്രകാരം ശ്രീമതി. ശ്രീകല എ.പി -യെ എറണാകുളം ജില്ലയിലെ ടി.എം. ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ നിലവിലെ ഒഴിവിൽ സ്ഥലംമാറ്റം നൽകണമെന്ന് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സൂചന (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ശ്രീകല എ.പി. -യ്ക്ക് എറണാകുളം ജില്ലയിലെ ടി.എം. ജേക്കബ് മെമ്മോറിയൽ മണിമലക്കുന്ന് കോളേജിലെ നിലവിലെ ഒഴിവിൽ സ്ഥലംമാറ്റം നൽകിയും സൂചന (1) സ്ഥലംമാറ്റം ഉത്തരവ് ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1. | ശ്രീമതി. ശ്രീകല എ.പി.<br>അസിസ്റ്റന്റ് പ്രൊഫസർ<br>മഹാരാജാസ് കോളേജ്, എറണാകുളം<br>(നിർബന്ധിത സ്ഥലമാറ്റം) | ടി.എം. ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന് എറണാകുളം<br>(നിലവിലെ ഒഴിവിൽ) |
| 2. | ശ്രീ. ശശിധരൻ അന്താടത്ത് പൊയിൽ<br>അസിസ്റ്റന്റ് പ്രൊഫസർ<br>ഗവൺമെന്റ് ബ്രണ്ണൻ കോളേജ്<br>ധർമ്മടം, കണ്ണൂർ<br>(അപേക്ഷ) | ഗവൺമെന്റ് കോളേജ്, മടപ്പള്ളി, കോഴിക്കോട്<br>(നിലവിലെ ഒഴിവിൽ) |

GOVERNMENT OF KERALA

| | | |
|---|---|---|
| 3. | ശ്രീമതി. ലിജി. എൻ<br>അസിസ്റ്റന്റ് പ്രൊഫസർ<br>ഗവൺമെന്റ് കോളേജ്, ചൊക്ലി, കണ്ണൂർ<br>(അപേക്ഷ) | ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, ധർമ്മടം, തലശ്ശേരി<br>(ശ്രീ. ശശിധരൻ അന്താടത്ത് പൊയിൽ -ന് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ) |
| 4. | ശ്രീ. ജമീൽ അഹമ്മദ് എൻ.കെ<br>അസിസ്റ്റന്റ് പ്രൊഫസർ<br>സർക്കാർ കോളേജ്, മലപ്പുറം<br>(നിർബന്ധിത സ്ഥലമാറ്റം) | ഗവൺമെന്റ് കോളേജ്, കൊണ്ടോട്ടി, മലപ്പുറം<br>(ശ്രീമതി. നിഷ അക്കരത്തൊടി -യ്ക്ക് സ്ഥലമാറ്റം നൽകുന്ന ഒഴിവിൽ) |
| 5. | ശ്രീ.സഞ്ജയ്കുമാർ എസ്<br>അസിസ്റ്റന്റ് പ്രൊഫസർ<br>സർക്കാർ കോളേജ്, മലപ്പുറം<br>(നിർബന്ധിത സ്ഥലമാറ്റം) | ഗവൺമെന്റ് കോളേജ്, മങ്കട<br>(ശ്രീ. സലാഹുദ്ദീൻ സി.ടി -യ്ക്ക് സ്ഥലമാറ്റം നൽകുന്ന ഒഴിവിൽ) |

മേൽ പരാമർശിച്ച ഭേദഗതികളോടെ സൂചന (1) ഉത്തരവ് നിലനിൽക്കുന്നതാണ്. സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത് ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റം ലഭിച്ച സ്ഥാപനത്തിലേക്ക് ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അതാത് സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാർ, അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ച വിവരവും വിടുതൽ ചെയ്ത വിവരവും രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഹരിത വി.കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾ / അദ്ധ്യാപകർ
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), എസ്.എച്ച് മൌണ്ട് റോഡ്, നാഗമ്പടം ബ്രാഞ്ച് ഓഫീസ്, കോട്ടയം
3. കരുതൽ ഫയൽ/ഓഫീസ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.ടി 19/6/19